## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *313 — 30.1.2014-ൽ മറുപടിക്ക്

### വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. രമേശ് ചെന്നിത്തല,<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി. |
| (എ) ബാഹ്യ ഇടപെടലുകൾ വിജിലൻസ് അന്വേഷണങ്ങളുടെ വിശ്വാസ്യതയെ ബാധിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒരു സ്വതന്ത്ര അന്വേഷണ ഏജൻസിയാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നടക്കുന്നത്. അന്വേഷണങ്ങളിൽ നിയമവിരുദ്ധമായി ബാഹ്യ ഇടപെടലുകൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. |
| ( ബി ) വിജിലൻസ് കേസ് അന്വേഷണ ഘട്ടങ്ങളിൽ വിവരങ്ങൾ സർക്കാർ തേടുന്നതും, വിവരങ്ങൾ സർക്കാരിന് നൽകുന്നതും, അന്വേഷണവിവരങ്ങൾ ചോരുന്നതും സമ്മർദ്ദങ്ങൾക്കിടയാക്കുന്നതും ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) വിജിലൻസ് അന്വേഷണ വേളയിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിലേയ്ക്കുള്ളതോ, സ്ഥലം മാറ്റുന്നതിലേയ്ക്കുള്ളതോ ആയ ശുപാർശ സർക്കാരിനെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അറിയിക്കുന്നുണ്ട്. അന്വേഷണം പൂർത്തിയായ ശേഷം അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കണമെന്ന് 12.5.1992 തീയതിയിലെ ജി.ഒ.(പി)65/92/വിജി. നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതാകുന്നു. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന രേഖകൾ ആവശ്യക്കാർക്ക് നൽകാൻ ബ്യൂറോയും സർക്കാരും ബാദ്ധ്യസ്ഥരാണ്. നിയമവിരുദ്ധമായി അന്വേഷണ വിവരങ്ങൾ കൈമാറിയിട്ടില്ല. ആയതിനാൽ അന്വേഷണ വിവരങ്ങൾ ചോരുന്നു എന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. |

( സി ) അന്വേഷണഘട്ടങ്ങളിൽ അന്വേഷണവിവരം തേടാതിരിക്കാനും അന്വേഷണത്തിൽ ഇടപെടാതിരിക്കാനും സന്നദ്ധമാകുമോ ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ ഒരു ഘട്ടത്തിലും സർക്കാരിൽ നിന്നും നിയമവിരുദ്ധമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

( ഡി ) വിജിലൻസ് കേസ് അന്വേഷണങ്ങൾ സ്വതന്ത്രവും നീതിപൂർവ്വവുമായിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) നിലവിലുള്ള സംവിധാനം തന്നെ സ്വതന്ത്രവും നീതിപൂർവ്വവുമായ അന്വേഷണങ്ങൾ നടത്താൻ പര്യാപ്തമാണ്.

( ഇ ) നിലവിലുള്ള മന്ത്രിമാർക്കെതിരെ ഉണ്ടായിരുന്ന വിജിലൻസ് കേസുകൾ ഓരോന്നായി അന്വേഷിച്ച് കേസ് തള്ളിക്കളയുന്നു എന്ന ആക്ഷേപം കണക്കിലെടു ത്തിട്ടുണ്ടോ ?

( ഇ ) ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്ന അന്വേഷണങ്ങൾ തള്ളിക്കളയാൻ സർക്കാരിനോ, ബ്യൂറോയ്ക്കോ സാധിക്കുന്നതല്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും കോടതികളുടെ പരിശോധനയ്ക്ക് വിധേയമാണ്. കേസുകളിൻമേലുള്ള അന്തിമ തീരുമാനം ബഹുമാനപ്പെട്ട കോടതിയാണ് കൈക്കൊള്ളുന്നത്.

സെക്ഷൻ ആഫീസർ